## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മാനന്തവാടി നിയോജകമണ്ഡലം - പനമരം ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണ പ്രവൃത്തി - അസംബ്ലി മണ്ഡല ആസ്തി വികസന പദ്ധതി പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

**സ.ഉ.(സാധാ)നം. 2712/2014/തസ്വഭവ** **തിരുവനന്തപുരം, തീയതി : 20.10.2014.**

---

പരാമർശം:- (1) ജി.ഒ(പി)നം.332/2012/ധന; തീയതി 11.06.2012.

(2) കുമാരി പി.കെ.ജയലക്ഷ്മി, പട്ടികവർഗ്ഗ ക്ഷേമ, യുവജനകാര്യ വകുപ്പ് മന്ത്രിയുടെ 10.05.2013-ലെ 416/2013/VIP/M(WST,YA,M&Z) നമ്പർ കുറിപ്പ്

(3) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയുടെ 21.07.2014-ലെ ഡിബി5/10087/2013/സിഇ/തസ്വഭവ നം. കത്ത്

### ഉത്തരവ്

അസംബ്ലി മണ്ഡല ആസ്തി വികസന പദ്ധതി സംബന്ധിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മാനന്തവാടി നിയോജകമണ്ഡലം എം.എൽ.എയും പട്ടികവർഗ്ഗക്ഷേമ, യുവജന കാര്യവകുപ്പ് മന്ത്രിയുമായ കുമാരി പി.കെ.ജയലക്ഷ്മിയുടെ 2013-14 ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പനമരം ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണ പ്രവൃത്തി അൻപത് ലക്ഷം രൂപ അടങ്കലിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി പരാമർശം (3) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പനമരം ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണ പ്രവൃത്തി മാനന്തവാടി നിയോജകമണ്ഡലം എം.എൽ.എയും പട്ടികവർഗ്ഗക്ഷേമ, യുവജന കാര്യവകുപ്പ് മന്ത്രിയുമായ കുമാരി പി.കെ.ജയലക്ഷ്മിയുടെ 2013-14 അസംബ്ലി മണ്ഡല ആസ്തി വികസന പദ്ധതി പ്രകാരം Rs.50,00,000/- (അൻപത് ലക്ഷം രൂപ മാത്രം) എസ്റ്റിമേറ്റ് ചെലവിൽ പരാമർശം (1) ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായും എല്ലാവിധ വകുപ്പുതല നടപടികൾക്ക് വിധേയമായും നടപ്പാക്കുവാൻ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇത് സംബന്ധിച്ച എസ്റ്റിമേറ്റ് ചെലവ് **50,00,000/-** രൂപ (അൻപത് ലക്ഷം രൂപ മാത്രം) '4515-00-800-96 projects under LAC-ADS(NP)' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**സി.വത്സല**
**ഗവ. ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, ആഡിറ്റ്, കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, (എ&ഇ), കേരള, തിരുവനന്തപുരം
സെക്രട്ടറി, പനമരം ഗ്രാമപഞ്ചായത്ത്, വയനാട്
ഡയറക്ടർ, ട്രഷറി, തിരുവനന്തപുരം
ധനകാര്യ(നോഡൽ സെന്റർ-ബി)വകുപ്പ് (U.O.77391/NC-B3/2014/Fin dated 26.09.2014)
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ